# Deepika

## 13 August 2018

## Kochi, After Flood, Flood Relief

### പ്രളയക്കെടുതി: ജനപ്രതിനിധികൾ രാജ്നാഥിനെ കണ്ടു

കൊച്ചി: സംസ്ഥാനത്തുണ്ടായ വ്യാപക മഴക്കെടുതിയും വെള്ളപ്പൊക്കവും കണക്കിലെടുത്ത് കേന്ദ്രസർക്കാർ അധിക സഹായം നൽകണമെന്ന് ജനപ്രതിനിധികൾ കേന്ദ്ര ആഭ്യന്തര മന്ത്രി രാജ്നാഥ് സിംഗിനോട് ആവശ്യപ്പെട്ടു. പ്രളയബാധിത മേഖലകൾ സന്ദർശിച്ചശേഷം നടന്ന ജനപ്രതിനിധികളുടെ യോഗത്തിലാണ് എംപിമാരും എംഎൽഎമാരും സഹായം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടത്. ഇന്നോളമില്ലാത്ത ദുരന്തത്തെയാണ് കേരളം അഭിമുഖീകരിക്കുന്നതെന്നും ജനപ്രതിനിധികൾ ചൂണ്ടിക്കാട്ടി. പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല,എംപി മാരായ കെ.വി. തോമസ്, ജോയ്സ് ജോർജ്, ഇന്നസെന്റ്, എംഎൽഎമാരായ അൻവർ സാദത്ത്, വി.കെ. ഇബ്രാഹിം കുഞ്ഞ്, വി.ഡി. സതീശൻ, ഹൈബി ഈഡൻ, റോജി എം. ജോൺ എന്നിവർ യോഗത്തിൽ പങ്കെടുത്തു.